ഒല്ലൂർ പള്ളി തിരുനാൾ ആശംസകൾ...
LIJO K.J
+91 82 81 77 90 61
T.U.D.A Road, S.T Nagar
Opp. LIC of India, Thrissur-01
0487- 4074324
+91 830 480 44 88
giftrothrissur@gmail.com
GIFTRO
Personalized &
Corporae Gifts

സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

www.swathanthramandapam.com വാല്യം: 60 ലക്കം: 179 2025 ഒക്ടോബർ 23 വ്യാഴം പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

# മുരാരി ബാബു അറസ്റ്റിൽ



തിരു: സ്വർണക്കൊള്ള കേസിൽ ശബരിമല മുൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ മുരാരി ബാബു അറസ്റ്റിൽ. ദ്വാരപാലക ശില്പങ്ങളിലെ സ്വർണപ്പാളി കടത്തിയ കേസിൽ രണ്ടാം പ്രതിയാണ് ഇയാൾ. ഈഞ്ചക്കലിലെ ക്രൈംബ്രാഞ്ച് ഓഫീസിൽ എസ് പി ശശിധരന്റെ നേതൃത്വത്തിലെ ചോദ്യം ചെയ്യലിന് പിന്നാലെയാണ് അറസ്റ്റ്. ഇന്നലെ രാത്രി പെരുന്നയിലെ വീട്ടിൽ നിന്നാണ് ഇയാളെ കസ്റ്റഡിയിലെടുത്തത്.

സ്വർണം പൂശിയിരുന്ന ദ്വാരപാലക ശിൽപങ്ങളിൽ ചെമ്പ് തകിടെന്ന് മഹസറിൽ രേഖപ്പെടുത്തിയത് നിലവിൽ ഡെപ്യൂട്ടി കമ്മിഷണറായ മുരാരി ബാബുവായിരുന്നു. ഇതിനെത്തുടർന്ന് മുരാരി ബാബുവിനെ ജോലിയിൽ നിന്ന് ദേവസ്വം ബോർഡ് സസ്പെൻഡ് ചെയ്തിരുന്നു.

എന്നാൽ സംഭവത്തിൽ വീഴ്ച പറ്റിയിട്ടില്ലെന്നും ചെമ്പ് തെളിഞ്ഞതുകൊണ്ടാണ് വീണ്ടും സ്വർണം പൂശാൻ നൽകിയതെന്നുമായിരുന്നു മുരാരി ബാബു പറഞ്ഞത്. താൻ നൽകിയത് പ്രാഥമിക റിപ്പോർട്ട് മാത്രമാണെന്നും പരിശോധനയ്ക്ക് ശേഷം അനുമതി നൽകുന്നത് തനിക്ക് മുകളിൽ ഉള്ള ഉദ്യോഗസ്ഥരാണെന്നും മുരാരി ബാബു വിശദീകരിച്ചിരുന്നു. സ്വർണക്കൊള്ളക്കേസിലെ രണ്ടാമത്തെ അറസ്റ്റ് ആണിത്. നേരത്തെ സ്പോൺസർ ഉണ്ണികൃഷ്ണൻ പോറ്റി അറസ്റ്റിലായിരുന്നു.

## 4 വയസ്സുകാരന് ദാരുണാന്ത്യം

കുന്നംകുളം: എരുമപ്പെട്ടി, കളിക്കുന്നതിനിടയിൽ കുപ്പിയുടെ അടപ്പ് വിഴുങ്ങി നാല് വയസുകാരൻ മരിച്ചു. എരുമപ്പെട്ടി ആദൂര് കണ്ടേരി വളപ്പിൽ ഉമ്മർ മുഫീദ ദമ്പതികളുടെ മകൻ മുഹമ്മദ് ഷഹൽ ആണ് മരിച്ചത്.

## സ്വർണവില താഴേക്ക്; 2ദിവസത്തിനിടെ കുറഞ്ഞത് 5,640 രൂപ



തിരു: പവന് ഒരു ലക്ഷം രൂപ തൊടുമെന്ന പ്രവചനങ്ങൾക്കിടെ ആഭരണപ്രേമികൾക്ക് ആശ്വാസമായി സ്വർണവില വീണ്ടും താഴേക്ക്. ഇന്ന് ഒരു പവന് 600 രൂപയാണ് കുറഞ്ഞത്. ഇതോടെ ഒരു പവൻ സ്വർണത്തിന്റെ ഇന്നത്തെ വില 91,720 രൂപയായി. ഗ്രാമിന് 75 രൂപ കുറഞ്ഞ് 11,465 രൂപയിലെത്തി. ഒക്ടോബർ 11ന് ശേഷം ആദ്യമായാണ് സ്വർണവില ഇത്രയും താഴുന്നത്. ഇതോടെ 2ദിവസത്തിനിടെ 5,640 രൂപ സ്വർണവിലയിൽ കുറഞ്ഞു.

ഏറ്റവും ചെറിയ പണിക്കൂലിയിൽ ഒരു പവൻ സ്വർണം വാങ്ങാനുള്ള ചെലവ് ഒരു ലക്ഷം രൂപയ്ക്ക് താഴെയായി. 99,249 രൂപയോളം ചെലവാക്കിയാൽ അഞ്ചുശതമാനം പണിക്കൂലിയിൽ ഒരു പവന്റെ ആഭരണം വാങ്ങാം. ഇന്നലെ ഒറ്റദിവസം രണ്ട് തവണയാണ് വില കുറഞ്ഞത്. 3,440 രൂപ കുറഞ്ഞ് പവന് 92,320 രൂപയായിരുന്നു ഇന്നലത്തെ വില. ആഗോള വിപണിയുടെ ചുവട് പിടിച്ചാണ് കേരളത്തിലും സ്വർണവില ഇടിയുന്നത്.

ആഗോള രാഷ്ട്രീയ, സാമ്പത്തിക രംഗത്തെ അനിശ്ചിതത്വങ്ങൾ ഒഴിയുന്നത് സ്വർണത്തിൽ നിക്ഷേപിക്കുന്നതിൽ നിന്ന് ആളുകളെ പിന്നോട്ടുവലിക്കുകയാണെന്നാണ് വില കുറയാനുള്ള ഒരു കാരണമായി ചൂണ്ടിക്കാട്ടുന്നത്. നിക്ഷേപകർ ലാഭമെടുക്കാനായി വില്പന സമ്മർദ്ദം സൃഷ്ടിക്കുന്നതാണെന്നും ഈ രംഗത്തെ വിദഗ്ദ്ധർ പറയുന്നു. അതേസമയം, ഈ വിലയിടിവ് താത്ക്കാലികമാണെന്നും വില വീണ്ടും ഉയരാനാണ് സാദ്ധ്യതയെന്നും പറയുന്നു.

പുതിയ സാഹചര്യത്തിൽ ആഭരണങ്ങളായും നാണയങ്ങളായും വാങ്ങുന്നതിന് പകരം ഉപഭോക്താക്കൾ ഡിജിറ്റൽ സ്വർണമാണ് വാങ്ങുന്നത്. എക്സ്ചേഞ്ച് ട്രേഡഡ് ഫണ്ടുകൾ, ഗോൾഡ് ഫണ്ട്സ് ഓഫ് ഫണ്ട്സ് എന്നിവയിലേക്കാണ് പ്രധാനമായും നിക്ഷേപം ഒഴുകിയെത്തുന്നത്. ശുദ്ധത, സുരക്ഷിതത്വം, പണിക്കൂലി എന്നിവയെ കുറിച്ച് ആശങ്കയില്ലാതെ നിക്ഷേപകർക്ക് സ്വർണം വാങ്ങാമെന്നതാണ് പ്രധാന ആകർഷണം.

## രാഷ്ട്രപതി ദ്രൗപദി മുർമു ശിവഗിരിയിലെത്തി

തിരു: ശ്രീനാരായണ ഗുരുദേവന്റെ മഹാസമാധി ശതാബ്ദിയുടെ ആഗോളതല പരിപാടികളുടെ കേന്ദ്രതല ഉദ്ഘാടനം നിർവഹിക്കുന്നതിനായി രാഷ്ട്രപതി ദ്രൗപദി മുർമു ശിവഗിരിയിലെത്തി. ഇന്നുരാവിലെ പത്തുമണിയോടെയാണ് രാഷ്ട്രപതി ശിവഗിരിയിലേയ്ക്ക് പുറപ്പെട്ടത്. പാപനാശം ഹെലിപ്പാട് ഗ്രൗണ്ടിൽ ഹെലികോപ്റ്ററിൽ എത്തിച്ചേർന്ന രാഷ്ട്രപതി റോഡ് മാർഗമാണ് ശിവഗിരിയിലെത്തിയത്.

ശിവഗിരിയിലെത്തിയ ദ്രൗപദി മുർമു മഹാസമാധിയിൽ ദർശനം നടത്തി. ശേഷം തീർത്ഥാടന ഓഡിറ്റോറിയത്തിൽ ശ്രീനാരായണഗുരു മഹാപരിനിർവാണ ശതാബ്ദി സമ്മേളനം ഉദ്ഘാടനം ചെയ്തു. 2028 വരെ നീണ്ടുനിൽക്കുന്ന ആഗോളതല പരിപാടികൾക്കാണ് രാഷ്ട്രപതി ഉദ്ഘാടന കർമം നിർവഹിച്ചത്.

ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റ് പ്രസിഡന്റ് സ്വാമി സച്ചിദാനന്ദ, ജനറൽ സെക്രട്ടറി സ്വാമി ശുഭാംഗാനന്ദ, ട്രഷറർ സ്വാമി ശാരദാനന്ദ, മന്ത്രി വി.എൻ. വാസവൻ, മന്ത്രി വി. ശിവൻകുട്ടി, മുൻ കേന്ദ്രസഹമന്ത്രി രാജീവ് ചന്ദ്രശേഖർ, അടൂർ പ്രകാശ് എം.പി, വി. ജോയി എം.എൽ.എ തുടങ്ങിയവർ പങ്കെടുത്തു. 1.30മുതൽ 2.40വരെ ശിവഗിരി മഠത്തിൽ രാഷ്ട്രപതി ചെലവഴിച്ചു. മഠത്തിലെ സന്യാസി ശ്രേഷ്ഠർക്കൊപ്പം ഉച്ചഭക്ഷണത്തിന് ശേഷം 2.50ന് പാപനാശം ഹെലിപ്പാടിൽ നിന്നും രാഷ്ട്രപതി മടങ്ങും.

## ദീപാവലിക്ക് കളിത്തോക്ക് ഉപയോഗിച്ച 14 കുട്ടികൾക്ക് കാഴ്ച നഷ്ടമായി; 122 പേരുടെ കണ്ണുകൾക്ക് പരിക്ക്

ഭോപ്പാൽ: ദീപാവലി ആഘോഷത്തിനിടെ കളിത്തോക്ക് ഉപയോഗിച്ച 14 കുട്ടികൾക്ക് കാഴ്ച നഷ്ടപ്പെട്ടു. ഗുരുതര നേത്ര പരിക്കുകളുമായി 122 കുട്ടികളെ വിവിധ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തു. മദ്ധ്യപ്രദേശിലാണ് സംഭവം. 'ദേസി ഫയർക്രാക്കർ ഗൺ' എന്ന് വിളിക്കുന്ന കാർബൈഡ് ഗൺ ഉപയോഗിച്ച കുട്ടികൾക്കാണ് കാഴ്ച നഷ്ടപ്പെട്ടത്.

മദ്ധ്യപ്രദേശിലെ വിദിഷ ജില്ലയിലാണ് ഏറ്റവും കൂടുതൽ പേർക്ക് കാഴ്ച നഷ്ടമായത്. ഒക്ടോബർ 18ന് മദ്ധ്യപ്രദേശ് സർക്കാർ കാർബൈഡ് ഗൺ നിരോധിച്ചിരുന്നു. എന്നാൽ ഇത് ലംഘിച്ച് പലരും വിൽപന നടത്തുകയായിരുന്നു. 150 രൂപ മുതൽ 200 രൂപവരെയാണ് ഇതിന്റെ വില. കളിപ്പാട്ടത്തിന്റെ രൂപത്തിലാണ് ഇത് കാണപ്പെടുന്നതെങ്കിലും ബോംബിന് സമാനമായാണ് ഇത് പൊട്ടിത്തെറിക്കുന്നത്. തോക്ക് ഉപയോഗിച്ചതിന് പിന്നാലെ കണ്ണുകൾ എരിയുകയായിരുന്നുവെന്നും പിന്നീട് കാഴ്ച നഷ്ടമായെന്നും ഇരകൾ വെളിപ്പെടുത്തുന്നു. സമൂഹമാദ്ധ്യമങ്ങളിൽ നിന്ന് കണ്ടുപഠിച്ച് സ്വന്തമായി തോക്ക് നിർമിച്ച് ഉപയോഗിച്ച ചിലർക്കും കാഴ്ച നഷ്ടമായി.

സംഭവത്തിൽ അനധികൃതമായി കളിപ്പാട്ടം വിറ്റതിന് വിദിഷ പൊലീസ് ആറുപേരെ അറസ്റ്റ് ചെയ്തു.

ഇത്തരം കളിപ്പാട്ടങ്ങൾ വിൽക്കുന്നവർക്ക് നിയമനടപടികൾ നേരിടേണ്ടി വരുമെന്നും പൊലീസ് മുന്നറിയിപ്പ് നൽകി. പ്ലാസ്റ്റിക് അല്ലെങ്കിൽ ടിൻ പൈപ്പുകളിൽ വെടിമരുന്ന്, തീപ്പെട്ടി കൊള്ളികൾ, കാൽസ്യം കാർബൈഡ് എന്നിവ നിറച്ച് ഒരു ദ്വാരത്തിലൂടെ കത്തിക്കുകയാണ് ചെയ്യുന്നത്. ഫയർ ക്രാക്കർ ഗൺ ചലഞ്ച് എന്ന പേരിൽ ഇത്തരം തോക്ക് ഉപയോഗിക്കുന്നതിന്റെ റീലുകളും ഏറെ വൈറലായിരുന്നു.


## ഓട്ടോറിക്ഷ മറിഞ്ഞ് പരിക്ക്

തൃശ്ശൂർ: കേച്ചേരി പട്ടിക്കര പെട്രോൾ പമ്പിനു സമീപം പൂച്ച വട്ടം ചാടിയതിനെ തുടർന്ന് ഓട്ടോറിക്ഷ മറിഞ്ഞ് പരിക്ക് പറ്റിയ ഡ്രൈവർ ചിറനെല്ലൂർ സ്വദേശി തറയ്ക്കൽ വീട്ടിൽ വിജയൻ മകൻ വിജീഷ്(37)നെ കേച്ചേരി ആക്ട്സ് പ്രവർത്തകർ മുളങ്കുന്നത്തുക്കാവ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

## പെൻഷൻകാർക്ക് സന്തോഷവാർത്ത

തിരു : ഒക്ടോബറിലെ സാമൂഹ്യസുരക്ഷ, ക്ഷേമനിധി പെൻഷനുകൾ ഈ മാസം 27 ന് വിതരണം തുടങ്ങും. ഇതിനായി 812 കോടി അനുവദിച്ചതായി ധനകാര്യമന്ത്രി കെ എൻ ബാലഗോപാൽ അറിയിച്ചു. 62 ലക്ഷത്തോളം പേർക്കാണ് 1600 രൂപവീതം ലഭിക്കുന്നത്

## സംഘട്ടന സംവിധായകൻ മലേഷ്യ ഭാസ്കർ അന്തരിച്ചു



മുംബൈ: പ്രശസ്ത സംഘട്ടന സംവിധായകൻ മലേഷ്യ ഭാസ്കർ അന്തരിച്ചു. ഹൃദയാഘാതത്തെത്തുടർന്നായിരുന്നു അന്ത്യം. തമിഴ്, മലയാളം, തെലുങ്ക്, കന്നഡ ഭാഷകളിലായി ഒട്ടേറെ ചിത്രങ്ങളിൽ പ്രവർത്തിച്ചിട്ടുണ്ട്.

ഫാസിൽ, സിബി മലയിൽ, സിദ്ധിഖ് തുടങ്ങി മലയാളത്തിലെ മുതിർന്ന സംവിധായകർക്കൊപ്പം പ്രവർത്തിച്ചിട്ടുണ്ട്. ഫ്രണ്ട്സ്, മൈ ഡിയർ കരടി, കൈ എത്തും ദൂരത്ത്, അമൃതം, ബോഡി ഗാർഡ് എന്നിവയാണ് അദ്ദേഹം പ്രവർത്തിച്ച സിനിമകളിൽ ചിലത്. സംസ്കാരം മലേഷ്യയിൽ.

## ടിപ്പർ ലോറിയിടിച്ച് പരിക്ക്

തൃശ്ശൂർ: കേച്ചേരി പാറന്നൂർ സെന്ററിൽ റോഡ് മുറിച്ച് കടക്കുമ്പോൾ ടിപ്പർ ലോറിയിടിച്ച് പരിക്ക് പറ്റിയ വഴി യാത്രികൻ പാറന്നൂർ സ്വദേശി കളത്തിൽ പ്പറമ്പിൽ വീട്ടിൽ വേലായുധൻ മകൻ മുരളി(53)യെ കേച്ചേരി ആക്ട്സ് പ്രവർത്തകർ യൂണിറ്റി ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

## മാധ്യമങ്ങളുടെ രാഷ്ട്രീയം



ഇരിങ്ങാലക്കുട: ദേശാഭിമാനി പ്രചരണ ക്യാമ്പയിന്റെ ഭാഗമായി സി.പി.ഐ എം ഏരിയ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ 'മാധ്യമങ്ങളുടെ രാഷ്ട്രീയം' എന്ന വിഷയത്തിൽ ഇരിങ്ങാലക്കുട ടൗൺഹാളിൽ നടന്ന സെമിനാർ പ്രശസ്ത മാധ്യമ പ്രവർത്തകൻ എം.വി.നികേഷ് കുമാർ ഉൽഘാടനം ചെയ്തു. ജില്ലാ കമ്മിറ്റി അംഗം അഡ്വ.കെ.ആർ വിജയ അദ്ധ്യക്ഷത വഹിച്ചു. ടി. നരേന്ദ്രൻ മുഖ്യപ്രഭാഷണം നടത്തി. ഏരിയ സെക്രട്ടറി വി.എ. മനോജ് കുമാർ, ഉല്ലാസ് കളക്കാട്ട്, ജയൻ അരിമ്പ്ര, മുൻ എം എൽ.എ.പ്രൊഫ.കെ.യു അരുണൻ മാസ്റ്റർ, ചെറുകഥാകൃത്ത് അശോകൻ ചെരുവിൽ, കൂടൽമാണിക്യം ദേവസ്വം ചെയർമാൻ അഡ്വ.സി. കെ.ഗോപി, ജില്ലാ പഞ്ചായത്ത് വൈസ്പ്രസിഡണ്ട് ലത ചന്ദ്രൻ, കലാമണ്ഡലം മുൻ വൈസ് ചാൻസലർ ടി.കെ.നാരായണൻ, ഡോ. കെ.പി ജോർജ്ജ്, ജോസ് ചിറ്റിലപ്പിള്ളി ടി.ജി. ശങ്കരനാരായണൻ എന്നിവർ സംസാരിച്ചു.

### കോടതി പരസ്യം

ബഹു. തൃശൂർ നാലാം അഡീഷ്ണൽ ജില്ലാ കോടതി മുമ്പാകെ

GOP: 310/2025

തൃശൂർ താലൂക്ക് മാന്ദാമംഗലം വില്ലേജ് ദേശത്ത് (പി ഒ മാന്ദാമംഗലം) കടവി അനു ഭാര്യ 31 വയസ് സ്വസ്ഥം ആൻസി തോമാസ്

– ഹരജിക്കാരി

1) തൃശൂർ താലൂക്ക് മാന്ദാമംഗലം വില്ലേജ് ദേശത്ത് (പി ഒ മാന്ദാമംഗലം) കടവി അനു മകൾ 11 വയസ് മൈനർ മെറിൻ സാറ അനു

2) തൃശൂർ താലൂക്ക് മാന്ദാമംഗലം വില്ലേജ് ദേശത്ത് (പി ഒ മാന്ദാമംഗലം) കടവി അനു മകൻ 10വയസ് മൈനർ ആരോൺ ആന്റോ അനു

3) തൃശൂർ താലൂക്ക് മാന്ദാമംഗലം വില്ലേജ് ദേശത്ത് (പി ഒ മാന്ദാമംഗലം) കടവി അനു മകൻ നാലര വയസ് മൈനർ ജോൺ പോൾ കെ

– മൈനർ കുട്ടികൾ

മേൽ നമ്പർ ഹരജിയിൽ പേരു വിവരം പറയുന്ന മൈനർമാരുടെ ശാരീരിക സംരക്ഷണത്തിനും സ്വത്തുക്കൾക്കും ഹരജിക്കാരിയെ രക്ഷിതാവായി നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിനും ഹരജി പട്ടിക വഹകളിലെ മൈനർമാർക്കുള്ള ഓഹരി അവകാശം തീറ് വിൽക്കുന്നതിനും ആവശ്യമായ രേഖകളിൽ മൈനർമാർക്ക് വേണ്ടി ഒപ്പിടുന്നതിനും ഹരജിക്കാരിയെ അനുവദിച്ച് ഉത്തരവ് ഉണ്ടാകുന്നതിനായി ബോധിപ്പിച്ച മേൽ നമ്പർ ഹരജി 25-11-2025 തിയ്യതിയിലേക്ക് വിചാരണക്ക് വെച്ചിട്ടുള്ളതാകുന്നു. ആയതിൽ ആർക്കെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അന്നേദിവസം രാവിലെ 11 മണിക്ക് ബഹു.കോടതിയിൽ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം ഹരജി തീർച്ച വിചാരണ ചെയ്യുന്നതാണെന്നുമുള്ള വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 15-10-2025
ഹരജിഭാഗം അഡ്വക്കേറ്റ്
**രജിത് ഡേവീസ്** (ഒപ്പ്)

## അസിം മുനീറിനെ വെല്ലുവിളിച്ച് താലിബാൻ



ഇസ്ലാമാബാദ്: പാക് സൈനിക മേധാവി അസിം മുനീറിന് ഭീഷണിയുമായി താലിബാൻ. തങ്ങളോട് ഏറ്റുമുട്ടാൻ നേരിട്ട് വരൂ എന്നും കൊല്ലപ്പെടാനായി സൈനികരെ തങ്ങളുടെ പക്കലേക്ക് അയക്കുന്നത് ഒഴിവാക്കണമെന്നും തെഹ്‌രീകെ താലിബാൻ പാകിസ്ഥാൻ (ടിടിപി) വീഡിയോ സന്ദേശത്തിൽ പറഞ്ഞു. ഉന്നത ഉദ്യോഗസ്ഥർ സ്വയം യുദ്ധക്കളത്തിലേക്ക് ഇറങ്ങിവരൂ എന്നും ഭീഷണി.

ഒക്ടോബർ എട്ടിന് ഖൈബർ പഖ്തൂൺ ഖ്വയിലെ കുറാമിൽ നടന്ന ആക്രമണ ദൃശ്യങ്ങളും വീഡിയോയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അന്ന് 22 പാക് സൈനികർ കൊല്ലപ്പെട്ടതായി ടിടിപി അവകാശവാദം ഉന്നയിച്ചിരുന്നു. എന്നാൽ, പാക് രേഖകളിൽ 11 സൈനികർ കൊല്ലപ്പെട്ടതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

കമാൻഡർ കാസിം എന്ന് പാക് ഉദ്യോഗസ്ഥർ വിളിക്കുന്ന ടിടിപി നേതാവ് അതിരൂക്ഷ ഭാഷയിൽ അസിം മുനീറിനെ വെല്ലുവിളിക്കുന്നതും വീഡിയോയിൽ കാണാം. 'നിങ്ങൾ ആണാണെങ്കിൽ നേരിട്ട് വരൂ, അമ്മയുടെ മുലപ്പാൽ കുടിച്ചിട്ടുണ്ടെങ്കിൽ ഞങ്ങളോട് പോരാടൂ...' എന്നിങ്ങനെയാണ് ഇയാളുടെ വെല്ലുവിളികൾ. കാസിമിനെ പിടികൂടുകയോ വിവരങ്ങൾ നൽകുകയോ ചെയ്യുന്നവർക്ക് 10 കോടി രൂപ പാകിസ്താൻ നേരത്തെ പാരിതോഷികം പ്രഖ്യാപിച്ചിരുന്നു.

ഖത്തറിന്റെയും തുർക്കിയുടേയും മധ്യസ്ഥതയിൽ ഇടക്കാല വെടിനിർത്തലിന് ഇരുരാജ്യങ്ങളും സമ്മതിച്ചതോടെ താലിബാനും പാകിസ്താനും തമ്മിലുള്ള സംഘർഷത്തിന് താത്കാലിക വിരാമമായിരുന്നു.

### ആധാരം നഷ്ടപ്പെട്ടു

കുന്നംകുളം താലൂക്ക്, കുന്നംകുളം വില്ലേജ്, കക്കാട് ദേശത്ത്, ചെമ്മണ്ണൂർ ബേബി ഭാര്യ, സാറാമക്ക് എഴുതി കൊടുത്ത കുന്നംകുളം സ.റ. ആഫീസ് 158/1992 -ാം നമ്പ്ര് തീറാധാരം നഷ്ടപ്പെട്ടിട്ടുള്ളതാണ്. പലയിടത്തും അന്വേഷിച്ച് കണ്ടെത്തിയിട്ടില്ലാത്തതും, ആധാരം കിട്ടുന്നവർ എന്നെ അറിയിക്കേണ്ടതാണ്. ഞാൻ ആധാരത്തിന്റെ സർട്ടിഫൈഡ് കോപ്പി വെച്ച് വസ്തുവഹകൾക്ക് നികുതി അടക്കുകയോ, വസ്തുവഹകൾ പണയപ്പെടുത്തുകയോ, തീറ് വിൽക്കുകയോ ചെയ്യുന്നതിൽ ആർക്കെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ എന്നെ ഏഴു ദിവസ ത്തിനുള്ളിൽ അറിയിക്കേണ്ടതാണ്.

എന്ന് 2025 ഒക്ടോബർ 21 ന്
**മേരി ജോജോ**

## തേജസ്വി യാദവിനെ മുഖ്യമന്ത്രി സ്ഥാനാർഥിയായി പ്രഖ്യാപിച്ച് മഹാസഖ്യം

# ഉപമുഖ്യമന്ത്രി സ്ഥാനത്തേക്ക് മുകേഷ് സാഹ്നി



പാട്ന: ആഴ്ചകൾ നീണ്ട അനിശ്ചിതത്വങ്ങൾക്കൊടുവിൽ ബിഹാറിൽ മഹാസഖ്യത്തിന്റെ മത്സരചിത്രം തെളിയുന്നു. നിയമസഭ തെരഞ്ഞെടുപ്പിൽ രാഷ്ട്രീയ ജനത പാർട്ടി (ആർ.ജെ.ഡി) അധ്യക്ഷൻ തേജസ്വി യാദവിനെ മുഖ്യമന്ത്രി സ്ഥാനാർഥിയായി പ്രഖ്യാപിച്ചു. പട്നയിൽ നടന്ന സംയുക്ത വാർത്തസമ്മേളനത്തിലായിരുന്നു പ്രഖ്യാപനം. വികഷീൽ ഇൻസാൻ പാർട്ടി (വി.ഐ.പി) കൺവീനർ മുകേഷ് സാഹ്നിയാണ് ഉപമുഖ്യമന്ത്രി സ്ഥാനാർഥി.

അധികാരം പിടിച്ചെടുക്കാനല്ല, ബിഹാർ പുനർനിർമിക്കുകയാണ് ലക്ഷ്യമെന്ന് തേജസ്വി യാദവ് പ്രതികരിച്ചു. എൻ.ഡി.എയുടെ 20 വർഷം നീണ്ട ഭരണത്തിൽ ബിഹാർ ദരിദ്ര സംസ്ഥാനമായി. പാവ സർക്കാരാണ് ബിഹാർ ഭരിക്കുന്നതെന്നും തേജസ്വി പറഞ്ഞു.

ആഴ്ചകൾ നീണ്ട ചർച്ചകൾക്കും വാദപ്രതിവാദങ്ങൾക്കും പിന്നാലെയാണ് പ്രഖ്യാപനം. പ്രതിസന്ധി മൂർഛിച്ചതിന് പിന്നാലെ, മുതിർന്ന കോൺഗ്രസ് നേതാവായ അശോക് ഗെലോട്ട് കഴിഞ്ഞ ദിവസം ആർ.ജെ.ഡി അധ്യക്ഷൻ ലാലു പ്രസാദ് യാദവുമായും തേജസ്വി യാദവുമായും കൂടിക്കാഴ്ച നടത്തിയിരുന്നു.

ലാലു പ്രസാദ് കുടുംബത്തിന്റെ എക്കാലത്തെയും ശക്തി കേന്ദ്രങ്ങളിലൊന്നായ ബിഹാറിലെ രാഘവ്പൂരിൽ നിന്നാണ് തേജസ്വി യാദവ് ജനവിധി തേടുന്നത്. 1995ലും 2000ലും മണ്ഡലത്തിൽ നിന്ന് ജയിച്ചുകയറിയാണ് ലാലു മുഖ്യമന്ത്രി പദത്തിലെത്തിയത്. തുടർന്ന് 2000ൽ നടന്ന ഉപതെരഞ്ഞെടുപ്പിൽ ലാലുവിന്റെ ഭാര്യ റാബറി ദേവിക്കൊപ്പമായിരുന്നു മണ്ഡലം. തുടർന്ന് രണ്ടുതെരഞ്ഞെടുപ്പുകളിൽ കൂടി റാബറി മണ്ഡലത്തെ പ്രതിനിധീകരിച്ചു. 2015 മുതൽ തേജസ്വിയാണ് മണ്ഡലത്തെ നിയമസഭയിൽ പ്രതിനിധീകരിക്കുന്നത്.


ബിഹാറിൽ 243 അസംബ്ളി മണ്ഡലങ്ങളിൽ മഹാസഖ്യത്തിനായി 253 സ്ഥാനാർഥികളാണ് നാമനിർദേശ പത്രിക സമർപ്പിച്ചിട്ടുള്ളത്. തിങ്കളാഴ്ച നോമിനേഷൻ സമർപ്പിക്കുന്ന അവസാനദിനമായിരിക്കെ, സീറ്റ് സംബന്ധിച്ച് തർക്കങ്ങളും വിയോജിപ്പും ചില മണ്ഡലങ്ങളിൽ സഖ്യത്തിലെ ഒന്നിലധികം കക്ഷികൾ നാമനിർദേശം സമർപ്പിക്കുന്നതിലേക്ക് വഴിതെളിച്ചതോടെയാണ് ഇത്.

ഇൻഡ്യ സഖ്യം ശക്തമാണെന്ന് കോൺഗ്രസ് അധ്യക്ഷൻ രാജേഷ് റാം വാർത്തസമ്മേളനത്തിൽ പറഞ്ഞു. രാഹുൽ ഗാന്ധിയുടെ വോട്ടർ അധികാർ യാത്ര ബിഹാറിൽ സഖ്യത്തിന് കരുത്ത് പകർന്നുവെന്നും രാജേഷ് ചൂണ്ടിക്കാട്ടി. കഴിഞ്ഞ മൂന്നുവർഷമായി ഈ നിമിഷത്തിന് വേണ്ടി കാത്തിരിക്കുകയായിരുന്നുവെന്ന് വി.ഐ.പി അധ്യക്ഷൻ മുകേഷ് സാനി പറഞ്ഞു. തന്റെ പാർട്ടിയെ തകർത്ത് എം.എൽ.എമാരെ തട്ടിയെടുത്ത ബി.ജെ.പിയോട് പ്രതികാരം വീട്ടുമെന്നും സാഹ്നി പറഞ്ഞു.

സംസ്ഥാനത്ത് കോൺഗ്രസിന് ചെറുതെങ്കിലും നിർണായക സ്ഥാനമാണ് ഉള്ളതെന്ന് കോൺഗ്രസ് നേതാവ് സന്ദീപ് ദീക്ഷിത് പറഞ്ഞു. കാര്യമായി ഭരണനേട്ടങ്ങളില്ലാത്ത എൻ.ഡി.എ സഖ്യം, മഹാസഖ്യത്തെ ചെറുതാക്കി ചിത്രീകരിക്കാനാണ് ശ്രമിക്കുന്നത്. തെരഞ്ഞെടുപ്പുഫലം ഇതിനുള്ള മറുപടിയാവുമെന്നും സന്ദീപ് പറഞ്ഞു.

നവംബറിൽ രണ്ടുഘട്ടമായാണ് ബിഹാറിൽ തെരഞ്ഞെടുപ്പ് നടക്കുക. നവംബർ 14ന് ഫലം പ്രഖ്യാപിക്കും.

## അടിച്ചത് അഭിലാഷ് ഡേവിഡ്, ഗുണ്ടാബന്ധത്തിന്റെ പേരിൽ പിരിച്ചുവിട്ടെന്ന് സർക്കാർ പറഞ്ഞെങ്കിലും ഇപ്പോഴും സർവീസിൽ: ഷാഫി പറമ്പിൽ



കോഴിക്കോട്: പേരാമ്പ്ര സംഘർഷത്തിൽ പോലീസിനെതിരേ ഗുരുതര ആരോപണവുമായി ഷാഫി പറമ്പിൽ എംപി. പോലീസ് ബോധപൂർവം സൃഷ്ടിച്ചതാണ് പേരാമ്പ്രയിലെ സംഘർഷമെന്നും അതിന് രാഷ്ട്രീയനിർദേശമുണ്ടായിരുന്നു എന്ന് ഉറപ്പാണെന്ന് അദ്ദേഹം കോഴിക്കോട് വാർത്താസമ്മേളനത്തിൽ പറഞ്ഞു. തന്നെ മർദിച്ചത് സിഐ അഭിലാഷ് ഡേവിഡാണ്. ഗുണ്ടാബന്ധത്തിന്റെ പേരിൽ 2023 ജനുവരിയിൽ സർവീസിൽനിന്ന് പിരിച്ചുവിട്ട ഉദ്യോഗസ്ഥരിലൊരാളാണ് അഭിലാഷ് എന്നും ഷാഫി ആരോപിച്ചു.

പിരിച്ചുവിട്ടെന്ന് മാധ്യമങ്ങളോടും നിയമസഭയിലും പറയുക. ശേഷം അവരെ രഹസ്യമായി തിരിച്ചെടുത്തശേഷം സിപിഎം പറയുന്ന ഗുണ്ടാപ്പണിക്ക് അവരെ നിയോഗിക്കുക എന്നതാണ് സംഭവിച്ചത്. സിഐ അഭിലാഷ് ഡേവിഡ് എന്ന സിപിഎമ്മിന്റെ പോലീസ് ഗുണ്ടയാണ് പേരാമ്പ്രയിലെ പോലീസ് അക്രമത്തിന് നേതൃത്വം കൊടുത്തത്. വടകര കൺട്രോൾ റൂമിലെ സിഐയാണ്. ഇദ്ദേഹത്തെ സസ്പെൻഡ് ചെയ്തതിന്റെ ഓർഡറുണ്ട്. എന്നാൽ, പിരിച്ചുവിട്ടതിന്റെ ഓർഡറില്ല. അഭിലാഷിന് പഴയ എസ്എഫ്ഐ ബന്ധമുണ്ടെന്നും സസ്പെൻഷൻ കാലയളവിൽ സമയം കൊല്ലുന്നതിന് ഏരിയാ കമ്മിറ്റി സന്ദർശിച്ചിരുന്നൊരാൾ ആണെന്നും ഷാഫി കൂട്ടിച്ചേർത്തു. പേരാമ്പ്ര സംഘർഷത്തിന്റെ വീഡിയോകൾ ഉൾപ്പെടെയുള്ളവ പങ്കുവെച്ചുകൊണ്ടായിരുന്നു ഷാഫിയുടെ വാർത്താസമ്മേളനം.

തന്റെ തലയിൽ അടിച്ച പോലീസ് ഉദ്യോഗസ്ഥൻ തന്നെയാണ് മുഖത്ത് അടിച്ചതും അതേത്തുടർന്ന് മൂക്കിന് പരിക്കേറ്റതും. പിന്നീട് വീണ്ടും അടിക്കാൻ നോക്കി. എസ്പി പറഞ്ഞതുപോലെ പിന്നിൽനിന്നല്ല, മുന്നിൽനിന്നാണ് അടിച്ചത്. ഇത് നടക്കുമ്പോൾ കണ്ണീർവാതകം പ്രയോഗിക്കപ്പെട്ടിട്ടില്ല. ഡിവൈഎസ്പി ഹരിപ്രസാദ് ഒരു കയ്യിൽ ടിയർ ഗ്യാസും വെച്ച് മറുകയ്യിലെ ലാത്തി ഉപയോഗിച്ച് മർദിക്കുകയാണെന്നും ഇത് ദൃശ്യങ്ങളിലുണ്ടെന്നും ഷാഫി പറഞ്ഞു.

പേരാമ്പ്രയിൽ തനിക്കും സഹപ്രവർത്തകർക്കും ക്രൂരമായ മർദനമേറ്റിട്ടും എന്തെങ്കിലുമൊരു കലാപ അന്തരീക്ഷം തങ്ങൾ അവിടെ സൃഷ്ടിച്ചോയെന്നും ഷാഫി ആരാഞ്ഞു. മർദനമേറ്റയുടൻ ആശുപത്രിയിലേക്ക് പോകാത്തത് എന്തേയെന്ന് ചോദിച്ചു. മൂക്കിന്റെ പാലം പൊട്ടിയെന്നൊന്നും അപ്പോൾ അറിയില്ലായിരുന്നു. ചോര വരുന്നുണ്ടെന്ന് അറിയാമായിരുന്നു. അങ്ങനൊരിടത്തുനിന്ന് ഓടിപ്പോയാൽ പിന്നെ അവിടയുണ്ടാകാൻ പോകുന്ന എല്ലാ സംഘർഷങ്ങളും അവിടെ അപകടം സൃഷ്ടിക്കും. അതിനാൽ അവിടെ നിന്ന് പിരിഞ്ഞു പോകണമെന്ന് പ്രവർത്തകരോട് പറഞ്ഞ് അവരെ പിരിച്ചുവിട്ടതിന് ശേഷമാണ് അവിടെനിന്ന് മടങ്ങുന്നത്.

പ്രവർത്തകർക്ക് സാരമായ പരിക്കേറ്റിട്ടും പോലീസിന്റെ കയ്യിലിരിപ്പും കയ്യിലിരുന്ന് പൊട്ടിയതിന്റെ പരിക്കുമല്ലാതെ ഒരു പോലീസുകാരനെങ്കിലും പരിക്കേറ്റോ. പ്രകോപനമായിരുന്നില്ല ഉദ്ദേശം. പേരാമ്പ്രയുടെ സമാധാനം കളയാതിരിക്കാനുള്ള ഇടപെടലാണ് അവിടെ നടത്തിയത്. പിറ്റേ ദിവസം ദൃശ്യങ്ങൾ പുറത്തുവരുന്നിടംവരെ മർദനമേറ്റിട്ടില്ല, മഷിയാണ്, പെയിന്റാണ് എന്നൊക്കെ പറഞ്ഞുനടന്നവർക്ക് മാറ്റിപ്പറയേണ്ടിവന്നു. എഐ ടൂൾ ഉപയോഗിച്ച് മർദിച്ചയാളെ കണ്ടെത്തുമെന്ന് പറഞ്ഞു. എന്തേ സർക്കാരിന്റെ എഐ ടൂൾ പണിമുടക്കിയോ. അടിച്ചയാളെ എന്തേ ഇതുവരെ കണ്ടെത്താത്തത്. ഇതുവരെ പോലീസ് തന്റെ മൊഴി എടുത്തിട്ടില്ല. കേസ് രജിസ്റ്റർ ചെയ്തതായുള്ള അറിയിപ്പ് ലഭിച്ചിട്ടില്ല. ഇതൊന്നും ചെയ്യരുതെന്ന നിർദേശം ആരാണ് കൊടുത്തതെന്നും ഷാഫി ചോദിച്ചു.

### സ്നേഹസ്മരണയ്ക്ക്



കടവി ദേവസ്സി മകൻ
**പോൾ** (കുഞ്ഞിപ്പാലു)

ജനനം: 21–05–1937 മരണം: 16–04–2013

ദുഃഖാർത്തരായ കുടുംബാംഗങ്ങൾ
സെന്റ് പോൾ യൂണിറ്റ്, പടിഞ്ഞാറെ അങ്ങാടി, ഒല്ലൂർ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4





# ഒല്ലൂർ സെന്റ് ആന്റണീസ് ഫൊറോന പള്ളി

എ.ഡി.1718ൽ സ്ഥാപിതമായ, അതിസമ്പന്നമായ വിശ്വാസ പാരമ്പര്യത്താൽ 'ചിന്നറോമാ' എന്ന് അറിയപ്പെടുന്ന, ശില്പചിത്രചാതുരി കൊണ്ട് റോമിലെ സിസ്റ്റൈൻ ചാപ്പലിനെ ഓർമിപ്പിക്കുന്ന, ആത്മീയതയുടെ അനിർവചനീയ അനുഭൂതിപകരുന്ന, ഒല്ലൂർ സെന്റ് ആന്റണീസ് ഫൊറോന പള്ളിയിൽ മുഖ്യദൂതരിൽ ഒരുവനായ **വിശുദ്ധ റപ്പായേൽ മാലാഖയുടെ തിരുനാൾ 2025 ഒക്ടോബർ 22,23,24,25 ബുധൻ, വ്യാഴം, വെള്ളി, ശനി** തീയതികളിൽ ഭക്തിനിർഭരമായി ആഘോഷിക്കുകയാണ്. നൂറ്റാണ്ടുകളായി യാത്രികർക്ക് സഹയാത്രികനായും പൈശാചിക ബന്ധനങ്ങളിൽ ഉള്ളവർക്ക് സൗഖ്യദായകനായും വിവാഹ തടസ്സം നേരിടുന്നവർക്ക് അത്താണിയായും ക്ലേശിതരുടെയും നിസ്സഹായരുടെയും ആലംബമായും ഉദ്ദിഷ്ടകാര്യസിദ്ധിക്കുള്ള മധ്യസ്ഥനായും ഒല്ലൂരിൽ കുടികൊള്ളുന്ന വിശുദ്ധ റപ്പായേൽ മാലാഖയുടെ തിരുനാളിൽ പങ്കെടുത്ത് ദൈവാനുഗ്രഹം സമൃദ്ധമായി പ്രാപിക്കുന്നതിന് എല്ലാ വിശ്വാസികളെയും ഒല്ലൂർ ഫൊറോന തീർത്ഥാടന ദൈവാലയത്തിലേക്ക് സാദരം ക്ഷണിക്കുന്നു

**ഫാ. വർഗീസ് കുത്തൂർ**
*ഫൊറോന വികാരി*

**ഫാ. എഡ്വിൻ ഐനിക്കൽ**
**ഫാ. തേജസ് കുന്നപ്പിള്ളിൽ**
*സഹവികാരിമാർ*

**ഫാ. ലിൻസ് മേലേപ്പുറം CMI** (ഗലീലി)
**ഫാ. പ്രകാശ് പുത്തൂർ** (അഞ്ചേരി)
*പ്രീസ്റ്റ് - ഇൻ - ചാർജ്ജ്*

**ആന്റണി ജോർജ് അക്കര**
**ഷാജു പടിക്കല**
**ജോഫി ജോസ് ചിറമ്മൽ**
**ജെയ്സൺ പോൾ പ്ലാക്കൽ**
*കൈക്കാരൻമാർ*

**പോൾ കുണ്ടുകുളം**
**ആന്റണി എം. ഡി.**
**റാഫി ചെമ്മണം**
**സെബി വല്ലച്ചിറക്കാരൻ**
*കൺവീനർമാർ*

**ആന്റണി ഇ.ജെ.**
**ജോസ് ഉക്രാൻ**
**ജിബിൻ സെബി**
**തോമസ് മേച്ചേരി**
*കോർഡിനേറ്റർമാർ*

**ലിന്റോ കാട്ടൂക്കാരൻ**
*പ്രതിനിധി സഭ സെക്രട്ടറി*

**ജസ്റ്റിൻ പെരുട്ടി**
പി.ആർ.ഒ

**ജോബി ചെറുവത്തൂർ**
*വളണ്ടിയർ ക്യാപ്റ്റൻ*

**ഡേവി പടിക്കല**
*കേന്ദ്രസമിതി കൺവീനർ*

**ഫിൻസൺ റാഫേൽ, പ്രിൻസി വിൽസൺ**
വൈസ് ക്യാപ്റ്റന്മാർ

## തിരുനാൾ തിരുകർമ്മങ്ങൾ

**2025 ഒക്ടോബർ 12 ഞായർ**
4.00 pm വാഹന വെഞ്ചരിപ്പ്

**2025 ഒക്ടോബർ 15 ബുധൻ**
5.00 pm ലദീഞ്ഞ്, ആഘോഷമായ ദിവ്യബലി, നൊവേന : കാർമ്മികൻ:
**വെരി. റവ. ഫാ. വർഗ്ഗീസ് കൂത്തൂർ**
(വികാരി, സെന്റ് ആന്റണീസ് ഫൊറോന ദൈവാലയം, ഒല്ലൂർ)
**കൊടിയേറ്റം**

**2025 ഒക്ടോബർ 22 ബുധൻ**
4.00 pm ലദീഞ്ഞ്, ആഘോഷമായ ദിവ്യബലി,
**മാലാഖയുടെ ദാസി-ദാസൻ സമർപ്പണം,വള സമർപ്പണം**
കാർമ്മികൻ:
**റവ. ഫാ. ആന്റണി ചിറ്റിലപ്പിള്ളി**
(വികാരി, സെന്റ് ജോസഫ് ദൈവാലയം, പുല്ലഴി)
7.00 pm ദീപാലങ്കാര സ്വിച്ചോൺ
**ശ്രീ. അർജ്ജുൻ പാണ്ഡ്യൻ**
(തൃശൂർ ജില്ലാ കളക്ടർ)

**2025 ഒക്ടോബർ 23 വ്യാഴം**
6.00 am ലദീഞ്ഞ്, ദിവ്യബലി, നൊവേന
**യൂണിറ്റുകളിലേക്കുള്ള വള വെഞ്ചിരിപ്പ്**
10.00 am ലദീഞ്ഞ്, ആഘോഷമായ ദിവ്യബലി,നൊവേന കാർമ്മികൻ:
**റവ. ഫാ. ജോൺപോൾ പുലിക്കോട്ടിൽ** OFM Cap
(സാൻജോ ആശ്രമം, തലയോലപ്പറമ്പ്, കോട്ടയം)
4.00 pm **പൊന്തിഫിക്കൽ ദിവ്യബലി,**
കാർമ്മികൻ: **മാർ റാഫേൽ തട്ടിൽ**
(മേജർ ആർച്ച്ബിഷപ്പ്, സീറോ മലബാർ സഭ)
**തുടർന്ന് കൂട് തുറക്കൽ ശുശ്രൂഷ, തിരുസ്വരൂപം എഴുന്നള്ളിപ്പ്, നേർച്ച ഭക്ഷണ ആശീർവാദവും വിതരണവും (രാത്രി 10 മണി വരെ) വിവിധ മേഖലകളിൽ നിന്നുള്ള വള എഴുന്നള്ളിപ്പ്**

തിരുനാളിന്റെ തൽസമയ സംപ്രേഷണം:
ACV&TCV ഉൽസവിലും,
Ollur Shrine യൂട്യൂബ്
ചാനലിലും ഉണ്ടായിരിക്കും

### ഒക്ടോബർ 24 വെള്ളി തിരുനാൾ ദിനം

12.00 am, 6.00 am, 7.00 am ദിവ്യബലി
8.00 am ആഘോഷമായ ദിവ്യബലി
**നേർച്ചഭക്ഷണ ആശീർവാദവും വിതരണവും** (ഉച്ചക്ക് 2.00 മണി വരെ)
10.00 am ആഘോഷമായ തിരുനാൾ ദിവ്യബലി, നൊവേന
മുഖ്യകാർമ്മികൻ:
**മോൺ. ജോസ് കോനിക്കര**
(വികാരി ജനറാൾ, തൃശൂർ അതിരൂപത)
3.00 am ആഘോഷമായ ദിവ്യബലി,
കാർമ്മികർ: **ഒല്ലൂർ ഇടവക വൈദീകർ**
തുടർന്ന് **തിരുനാൾ പ്രദക്ഷിണം**

**2025 ഒക്ടോബർ 25 ശനി**
7.30 am മരിച്ചവർക്കുവേണ്ടിയുള്ള റാസ

**2025 ഒക്ടോബർ 26 ഞായർ**
6.00 am, 7.30 am, 9.30 am ദിവ്യബലി
4.45 pm ജപമാല റാലി സമാപനം
5.00 pm ആഘോഷമായ ദിവ്യബലി

**2025 ഒക്ടോബർ 31 വെള്ളി**
**എട്ടാമിടം**
10.00 am ലദീഞ്ഞ്, ആഘോഷമായ ദിവ്യബലി,
കാർമ്മികൻ: **റവ. ഫാ. ജോബ് വടക്കൻ**
(വികാരി, അമലോത്ഭവ ദൈവാലയം, മരത്താക്കര)
തുടർന്ന് നേർച്ച ഭക്ഷണ ആശീർവാദവും വിതരണവും

### ഓരോ ദിവസവും വൈകീട്ടുള്ള കലാപരിപാടികൾ

**ഒക്ടോബർ 26 ഞായർ**: ഒല്ലൂർ പള്ളിയും ബാന്റ് ഫാൻസ് ഒല്ലൂരും ചേർന്നൊരുക്കുന്ന **ബാന്റ്മേളം** : (വോയ്സ് ഓഫ് പാലക്കാട് & യങ്ങ് സ്റ്റാർസ് ട്രിവാൻട്രം)
**ഒക്ടോബർ 27 തിങ്കൾ** :
**മ്യൂസിക് നൈറ്റ്;** ഗായകസംഘം, ഒല്ലൂർ
**ഒക്ടോബർ 28 ചൊവ്വ**: **അരങ്ങേറ്റം** & യുവജനങ്ങളുടെ കലാവിരുന്ന്
**ഒക്ടോബർ 29 ബുധൻ**: **നാടകം**
**ഒക്ടോബർ 30 വ്യാഴം**: സീനിയേഴ്സ് ഡേ
**ദേവദൂതർക്കൊപ്പം ഔസേപ്പച്ചനും**
(ശ്രീ.ഔസേപ്പച്ചന് സമാദരണം)
**ഒക്ടോബർ 31 വെള്ളി**:
**ഗാനമേള**. കലാസദൻ. തൃശൂർ




# ഒല്ലൂർ ഇടവകയും മാലാഖയുടെ തിരുനാളും

**- ബേബി മൂക്കൻ**

കേരളത്തിന്റെ സാംസ്ക്കാരിക കേന്ദ്രമായ തൃശ്ശൂരിൽ നിന്നും അഞ്ചുകിലോമീറ്റർ തെക്കോട്ട് മാറി സ്ഥിതി ചെയ്യുന്ന പ്രദേശമാണ് ഒല്ലൂർ. സാമൂഹ്യമായും വ്യവസായിക മായും ഉന്നതി പ്രഖ്യാപിച്ചിട്ടുള്ള സ്ഥലമാണിത്. ജനസംഖ്യയിൽ ഭൂരിഭാഗവും കത്തോലിക്കകാരാണ്. മധ്യകേരളത്തിലെ പ്രധാന തീർത്ഥകേന്ദ്രങ്ങളിൽ ഒന്നാണ് ഒല്ലൂർ സെന്റ് ആന്റണീസ് ഫൊറോന പള്ളി. ഒല്ലൂരിന്റെ വളർച്ചക്കും പള്ളിയുടെ സംഭാവന മഹത്താണ്. 1837ൽ ആരംഭിച്ച അത്ഭുതപ്രവർത്തകനായ വി. റപ്പായേൽ മാലാഖയുടെ തിരുനാളാണ് ഇവിടം ഒരു തീർത്ഥകേന്ദ്രമാക്കി മാറ്റിയത്.

1718-ലാണ് പള്ളി സ്ഥാപിതമായത്. രൂപതയില്ലെന്നല്ല ഏഷ്യയിലെ തന്നെ വലിയ ഇടവകയാണിത്. മുവ്വായിരത്തോളം കുടുംബങ്ങളുണ്ട്. തൃശ്ശൂർ രൂപത സ്ഥാപിതമായതിനുശേഷം 1923-ൽ ആദ്യമായി പ്രഖ്യാപിക്കപ്പെട്ട 4 ഫൊറോന പള്ളികളിലൊന്നാണിത്. കേരള കത്തോലിക്കാ സഭയുടെ ചരിത്രത്തിൽ പല സുപ്രധാന തീരുമാനങ്ങൾക്ക് വഴി തെളിയിച്ചിട്ടുള്ള ഇടവകയാണിത്. അതുകൊണ്ടുകൂടിയാണ് ഒല്ലൂർ 'ചിന്ന റോമ' എന്നറിയപ്പെടാൻ കാരണമായത്.

1793-ൽ പണിതീർത്ത 7 നില മണിമാളിക, മദുബഹയിലേയും പള്ളി ചുവരുകൾ മുഴുവനിലേയും ചിത്രരേഖകളും കൊത്തുപണികളും കേരളത്തിലെ മറ്റൊരു പള്ളിയിലും കാണാൻ കഴിയാത്തതാണ്. പള്ളിയോടനുബന്ധിച്ചുള്ള ദിവ്യകാരുണ്യ കപ്പേളയിലെ ചുവരുകളിൽ 1952-ൽ ആർട്ടിസ്റ്റ് സി.ഡി. റാഫേൽ വരച്ചിട്ടുള്ള ബൈബിൾ സംഭവങ്ങൾ ഉൾക്കൊള്ളുന്ന ചിത്രങ്ങളും ആകർഷണീയമാണ്.

കഴിഞ്ഞ 50 വർഷത്തിനുള്ളിൽ ഇടവകയിൽ നിന്നു പിരിഞ്ഞുപോയ ഇടവകകൾ നിരവധിയാണ്. എരവിമംഗലം, നിർമ്മലപുരം, ചിറ്റിശ്ശേരി, തലോർ, നിർമ്മലപുരം, പടവരാട്, തൈക്കാട്ടുശ്ശേരി, മരിയാപുരം, ചിയ്യാരം സേവനാലയം, ചിയ്യാരം വിജയമാത, പനംകുറ്റിച്ചിറ, അവിണിശ്ശേരി തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. ഫൊറോനയിൽനിന്ന് പിരിഞ്ഞുപോയതാണ് പുതുക്കാട് ഫൊറോന.

**ഇടവകയിലെ മറ്റു സഭാസ്ഥാപനങ്ങൾ**

ഹോളി ഏഞ്ചൽസ് ഹയർ സെക്കണ്ടറി സ്കൂൾ, ഫാത്തിമ കോൺവെന്റും, സെന്റ് റാഫേൽ സ്കൂളുകളും, സെന്റ് വിൻസെന്റ് ഡി പോൾ ഹോസ്പിറ്റലും കോൺവെന്റും അതിന്റെ കീഴിൽ പ്രവർത്തിക്കുന്ന 'ബെത്സെയ്ദ' അഗതിമന്ദിരവും, ചിയ്യാരം ക്യൂൻ മേരീസ് കോൺവെന്റ്, ചിയ്യാരം സി.എം.ഐ. സഭയുടെ ചിയ്യാരം ഗലീലി ധ്യാനമന്ദിരവും ചേതന ഇൻസ്റ്റിറ്റ്യൂട്ടും കുരിശുപള്ളിയും, അഞ്ചേരി എസ്. ഡി. കോൺവെന്റും അവരുടെ സേവന കേന്ദ്രവും, അഞ്ചേരി കുരിശുപള്ളി, ഒല്ലൂർ സാധുസംരക്ഷണ സംഘം തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. വി. എവുപ്രാസ്യയുടെ തീർത്ഥകേന്ദ്രം ഒല്ലൂർ അതിർത്തിയിലാണ്.

**കുടുംബസമ്മേളനങ്ങളും സംഘടനകളും**

1979 ജൂലൈ മാസത്തിൽ വികാരി ഫാ. സിറിയക് മണ്ടുംപാലയുടെ നേതൃത്വത്തിൽ 45 യൂണിറ്റുകളായി ആരംഭിച്ച കുടുംബകൂട്ടായ്മ യൂണിറ്റുകൾ ഇന്ന് 71 യൂണിറ്റും ഒല്ലൂർ ഈസ്റ്റ്, ഒല്ലൂർ വെസ്റ്റ്, അഞ്ചേരി, ചിയ്യാരം ഗലീലി, അഞ്ചേരി ട്രനിറ്റി എന്നീ 5 മേഖല കമ്മിറ്റികളുമായി പ്രവർത്തിച്ചുവരുന്നു.

**പാരീഷ് കൗൺസിലും പ്രതിനിധി യോഗവും**

1979 വരെ ഇടവകഭരണം പള്ളിയോഗമാണ് നിയന്ത്രിച്ചിരുന്നത്. 1979 മുതൽ അതിനെ സഹായിക്കാൻ പാരീഷ് കൗൺസിൽ രൂപീകൃതമായി. എന്നാൽ 1998 മുതൽ പള്ളിയോഗം, പാരീഷ് കൗൺസിൽ എന്നിവയുടെ സ്ഥാനത്ത് ഇടവക പ്രതിനിധിയോഗം നിലവിൽ വന്നു. 3 വർഷം കാലാവുധിയുള്ള ഈ സമിതിയാണ് ഇപ്പോൾ ഇടവകഭരണത്തിന് നേതൃത്വം നല്കുന്നത്. ഇതിൽ നിന്ന് വർഷം തോറും 4 ട്രസ്റ്റിമാരെ തെരഞ്ഞെടുത്തു വരുന്നു.

**പള്ളിയിൽ പ്രവർത്തിക്കുന്ന സംഘടനകൾ**

സെന്റ് വിൻസെന്റ് ഡി പോൾ സംഘം (ആരംഭം-1947), മാതൃവേദി (മാതൃസംഘം) (1956), ഫ്രാൻസീസ്ക്കൻ അത്മായ സഭ (1969), സി.എൽ.എ. ഇപ്പോൾ കെ.എൽ.എം. എന്നറിയപ്പെടുന്നു (1959- ഏതാനും വർഷം പ്രവർത്തനം നിന്നുപോയെങ്കിലും 2006 മുതൽ സജീവമായി പ്രവർത്തിക്കുന്നു.) മതാദ്ധ്യാപകസംഘടന (1965), ലീജിയൻ ഓഫ് മേരി (1958- ഇടയ്ക്ക് ഏതാനും വർഷം നിർജീവമായെങ്കിലും ഇപ്പോൾ സജീവമാണ്.) സി.എൽ.സി. (1906), കത്തോലിക്ക കോൺഗ്രസ് (കാത്തലിക് യൂണിയൻ) (1973), ഗായകസംഘം (1973), 'യേശുനാദം' പാരീഷ് ബുള്ളറ്റിൻ (1973 ൽ നാദം എന്ന പേരിൽ ഫാ. ജോസഫ് കിഴക്കുംതലയുടെ കാലത്ത് പാരീഷ് ബുള്ളറ്റിൻ ആരംഭിച്ചെങ്കിലും 1974 ൽ നിന്നുപോയി. 1981 ൽ ഫാ. ജോസഫ് കാക്കശ്ശേരിയുടെ കാലത്ത് യേശുനാദം എന്ന പേരിൽ പുനരാരംഭിച്ചു. ഇന്ന് 3000 കോപ്പി പ്രിന്റ് ചെയ്യുന്ന അതിരൂപതയിലെ ഏറ്റവും കൂടുതൽ പ്രചാരമുള്ള ബുള്ളറ്റിനാണിത്.) മതബോധന പി.ടി.എ. (1992), മദ്യവിരുദ്ധസമിതി (1997), അൾത്താര ബാലസംഘം, കെ.സി.വൈ.എം, ജീസസ് യൂത്ത്, സേവന സംഘം, പ്രാർത്ഥനാ ഗ്രൂപ്പ് തുടങ്ങിയവയാണ് ഇത്.

പാവന സ്മരണക്ക്



**അമ്മണം തട്ടിൽ കടവി വാറുണ്ണി ഡേവി**
ജനനം: 16-01-1950
മരണം: 11-01-2010

